LIBRARY ARCHIVES Kerala Legislative Assembly

പാട്ടത്തുക വർദ്ധിപ്പിക്കുവാൻ നടപടി

86 [574] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടത്തിനു നൽകിയ വനഭൂമിയുടെ പാട്ടത്തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇപ്പോൾ എത്ര ഹെക്ടർ വനഭൂമി എന്തു വ്യവസ്ഥയിൽ പാട്ടത്തിനു നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) വനഭൂമി പാട്ടത്തിനു നൽകിയ വകയിൽ എത്ര കോടി രൂപയാണ് പിരിഞ്ഞ് കിട്ടാനുള്ളത്; കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പാട്ടത്തുക പുതുക്കുന്നതിനായി 1980-ൽ നിലവിൽ വന്ന നിയമം 1999-ൽ ഭേദഗതി വരുത്തി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആകെ 162612.3 ഏക്കർ (65728.6139 ഹെക്ടർ) വനഭൂമി ഇപ്പോൾ പാട്ടത്തിനു നൽകിയിട്ടുണ്ട്. പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമി കൈയേറ്റമോ, സബ് ലീസോ ചെയ്യാൻ പാടില്ല. ഏതു തോട്ടം വിളകൾക്കാണോ പാട്ടത്തിനു നൽകിയത് അതിനായി മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ. പാട്ടത്തുക സർക്കാർ നിശ്ചയിക്കുന്ന പ്രകാരം യഥാസമയം അടയ്ക്കേണ്ടതാണ്. പാട്ടഭൂമിയിലെ വൃക്ഷ സംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്. ഈ ഭൂമിയിലെ പ്രകൃത്യാ ഉള്ള വൃക്ഷങ്ങൾ സർക്കാരിൽ നിക്ഷിപ്തമാണ്. പാട്ടകുടിശ്ശികയിൽ വീഴ്ചവരുത്തിയാലോ പാട്ട വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിക്കപ്പെട്ടാലോ പാട്ടം റദ്ദു ചെയ്യുന്നതിന് സർക്കാരിന് പൂർണ്ണ അധികാരമുണ്ടായിരിക്കും. ഇവയാണ് പ്രധാന വ്യവസ്ഥകൾ. ഗ്രാന്റ്സ് ആന്റ് ലീസസ്സിൽപ്പെടുന്ന പാട്ടങ്ങൾക്ക് പാട്ട ഉടമ്പടി പ്രകാരമുള്ള വ്യവസ്ഥകൾ ദീർഘകാലത്തേക്കോ പെർപെക്ച്വൽ ലീസായോ (എന്നന്നേയ്ക്കുമായി) ആണ് നൽകിയിട്ടുള്ളത്.

(സി) പാട്ട ഇനത്തിൽ 58 കോടി രൂപയോളം പിരിഞ്ഞു കിട്ടാനുണ്ട്. കുടിശ്ശികയിൽ ഏറിയ പങ്കും പൊതുമേഖലാ സ്ഥാപനങ്ങൾ, ഇതര സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ഇവയിൽ നിന്നുമാണ് ലഭിക്കുവാനുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കുവാൻ ഈ സ്ഥാപനങ്ങളുടെ തലവൻമാർ ഉൾപ്പെട്ട ഉന്നതതല മീറ്റിംഗ് കൂടി കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഒലവക്കോട് തളിപ്പറമ്പ് ഡിപ്പോകളിൽ നിന്ന് ചന്ദനതൈലം കളവുപോയതു സംബന്ധിച്ച് അന്വേഷണം

87 [575] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിലുള്ള ഒലവക്കോട്, തളിപ്പറമ്പ് ഡിപ്പോകളിൽ നിന്നും ചന്ദനതൈലം കളവുപോയതു സംബന്ധിച്ച് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;